**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3845** **27-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്കുള്ള ഇൻഷുറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്ഷീര കർഷകർക്കുള്ള ഇൻഷുറൻസ് പദ്ധതി പ്രകാരം എത്ര രൂപയുടെ കവറേജ് ആണ് ഉറപ്പാക്കുന്നത്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ക്ഷീര കർഷകർക്കുള്ള ഇൻഷുറൻസ് പദ്ധതിയായ ക്ഷീരസാന്ത്വനം പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് ആരോഗ്യ സുരക്ഷ, അപകട സുരക്ഷ, ലൈഫ് ഇൻഷുറൻസ് എന്നിവയുടെ പരിരക്ഷ ലഭിക്കുന്നു.<br><br>**ആരോഗ്യ സുരക്ഷ പോളിസി-** 80 വയസ്സ് വരെയുള്ള ക്ഷീരകർഷകർക്ക് പദ്ധതിയിൽ അംഗളാകാം. ഒരു ലക്ഷം രൂപയുടെ കവറേജ് ലഭിക്കുന്നു. കൂടാതെ നിലവിലുള്ള അസുഖങ്ങൾക്ക് 50,000/- രൂപയുടെ കവറേജും ലഭിക്കുന്നു.<br><br>**അപകട സുരക്ഷ പോളിസി -** പദ്ധതിയിൽ അംഗങ്ങളായ വ്യക്തി അപകടം മൂലം മരിക്കുകയോ സ്ഥായിയായ അംഗവൈകല്യങ്ങൾ സംഭവിക്കുകയോ ചെയ്താൽ 7 ലക്ഷം രൂപയുടെ കവറേജും 25 വയസ്സ് വരെയുള്ള 2 കുട്ടികൾക്ക് 25,000/- രൂപ വീതം 50,000/- രൂപയുടെ വിദ്യാഭ്യാസ സഹായധനം ലഭിക്കുന്നു.<br><br>**ലൈഫ് ഇൻഷ്വറൻസ് പോളിസി-** 18 വയസ്സ് മുതൽ 60 വയസ്സ് വരെ പദ്ധതിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് 1 ലക്ഷം രൂപയുടെ കവറേജ് ലഭിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നിലവിൽ ഇതുവരെ എത്ര കർഷകർ അംഗങ്ങളായിട്ടുണ്ട്; വ്യക്തമാക്കാമോ? | (ബി) | ക്ഷേമനിധി അംഗങ്ങളായ 18,089 ക്ഷീരകർഷകർ സബ്സിഡിയോടുകൂടിയും ക്ഷേമനിധി അംഗങ്ങളല്ലാത്ത 1,320 ക്ഷീരകർഷകർ മുഴുവൻ പ്രീമിയം അടച്ചും ആകെ 19,409 ക്ഷീരകർഷകർ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ